നമ്പർ ബി1–20129/07

പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി 12.10.2007

## സർക്കുലർ

വിഷയം: ജനന–മരണ രജിസ്ട്രേഷൻ– ഉപേക്ഷിക്കപ്പെട്ട / ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ– അപാകതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. ചീഫ് രജിസ്ട്രാറുടെ 5/10/1999 ലെ ബി2–29772/99–ാം നമ്പർ സർക്കുലർ
2. ചീഫ് രജിസ്ട്രാറുടെ 20/3/07 ലെ ബി1–2815/07–ാം നമ്പർ സർക്കുലർ
3. സാമൂഹ്യക്ഷേമ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ 11.10.07–ലെ എ.സി–318/06 നമ്പർ കത്ത്.

ഉപേക്ഷിക്കപ്പെട്ട/ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ സംബന്ധിച്ച് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചീഫ് രജിസ്ട്രാർ, സൂചന ഒന്നിലെ സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. ജനന–മരണ രജിസ്ട്രേഷൻ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിരവധി സർക്കുലറുകളിലെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പുറപ്പെടുവിച്ച സൂചന രണ്ടിലെ സർക്കുലറിലും പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. എന്നാൽ മേൽപ്പറഞ്ഞ സർക്കുലറുകളിലെ ചില നിർദ്ദേശങ്ങൾ ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷനെ ദോഷകരമായി ബാധിക്കുന്ന തരത്തിൽ തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നതായും ഇതു നിമിത്തം ബന്ധപ്പെട്ട വ്യക്തികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായും സൂചന മൂന്നു പ്രകാരം സാമൂഹ്യക്ഷേമ വകുപ്പ് അഡീഷനൽ ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ച് ഇക്കാര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷൻ 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 8–ാം വകുപ്പ് (1)–ാം ഉപ വകുപ്പ് (ഇ) ഖണ്ഡം അനുസരിച്ച് നടത്തേണ്ടതാണ്. രജിസ്ട്രേഷൻ നടത്തുന്നതിനായി കുട്ടിയുടെ ദത്തെടുക്കൽ നടപടി വരെ കാത്തിരിക്കേണ്ടതില്ലാത്തതും യഥാസമയം ജനനം റിപ്പോർട്ടു ചെയ്യാത്ത പക്ഷം സെക്ഷൻ 23 പ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

2. ജനന രജിസ്ട്രേഷനിൽ കുട്ടിക്ക് ഭാവിയിൽ അപമാനകരമായിത്തീരുന്ന രീതിയിൽ ജനന സ്ഥലം (അമ്മത്തൊട്ടിൽ, ഓർഫനേജ് തുടങ്ങിയവ) രേഖപ്പെടുത്താൻ പാടില്ല.

3. അനാഥാലയങ്ങളിലും മറ്റ് ശിശു സംരക്ഷണ ഏജൻസികളിലും കഴിയുന്നതും അല്ലാത്തതുമായ കുട്ടികളെ നിയമാനുസരണം ദത്തെടുക്കുന്ന അവസരത്തിൽ ദത്തെടുക്കുന്ന മാതാപിതാക്കളുടെ (Adoptive parents) പേര് ഉൾപ്പെടുത്തിയും ആവശ്യമെങ്കിൽ കുട്ടിയുടെ പേരിൽ മാറ്റം വരുത്തിയും സർട്ടിഫിക്കറ്റ്

അനുവദിക്കുമ്പോൾ ചട്ടപ്രകാരമുള്ള സർട്ടിഫിക്കറ്റ് ഫോർമാറ്റിൽ യാതൊരു മാറ്റവും വരുത്താൻ പാടില്ല. ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡോപ്റ്റീവ് പേരന്റ്സിന്റെ പേര് മാതാപിതാക്കളുടെ പേരായി ഉൾപ്പെടുത്തി നൽകേണ്ടതാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട എല്ലാ രജിസ്ട്രാർമാരും ജില്ലാ രജിസ്ട്രാർമാരും സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ജനന-മരണ ചീഫ് രജിസ്ട്രാർ/
പഞ്ചായത്ത് ഡയറക്ടർ

എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (ഉപരിപത്രം സഹിതം)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും
അഡീഷണൽ ചീഫ് രജിസ്ട്രാർ
നഗരകാര്യ വകുപ്പു ഡയറക്ടർ
സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ
എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (")
പബ്ലിസിറ്റി ആഫീസർ
കരുതൽ ഫയൽ

ആജ്ഞാനുസരണം

ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ